"ഭരണഭാഷ- മാതൃഭാഷ"

കേരള

സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - ഐ.റ്റി, ഐ.റ്റി, അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നതിനായി കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സോഫ്റ്റ് വെയറിൽ ആവശ്യമായ നവീകരണങ്ങൾ ചെയ്യുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ജെ). വകുപ്പ്

സ.ഉ.(സാധാ) നം.523/2024/LBR തീയതി,തിരുവനന്തപുരം, 19-04-2024

---

പരാമർശം:-

1. കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16.02.2024-ലെ എ1/1710/2021 നമ്പർ കത്ത്.

2. 20.03.2024-ന് തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വിളിച്ചു ചേർത്ത യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് ഐ.റ്റി, ഐ.റ്റി അനുബന്ധമേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതി നടപ്പിലാക്കേണ്ടത്. ഐ.റ്റി, ഐ.റ്റി അനുബന്ധമേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതിയിൽ അംഗത്വം നല്കുന്ന ആവശ്യത്തിലേയ്ക്കായി അടിയന്തിരമായി നിലവിൽ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഐ വെൽഫെയർ സോഫ്റ്റ് വെയർ പരിഷ്കരിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ആയതിന് ആവശ്യമായി വരുന്ന തുക ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ചെലവാക്കുന്നതാണെന്നും ബോർഡിന്റെ സാമ്പത്തിക

സ്ഥിതിയെ പ്രസ്തുത ചെലവ് ബാധിക്കുന്നില്ലായെന്നും പരാമർശം (1) പ്രകാരം കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2) കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ 2021 ൽ ആരംഭിച്ച ഐ. ടി. / ഐ. ടി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമ പദ്ധതിയിൽ നാളിതുവരെ ആർക്കും അംഗത്വം നല്കാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതിനായി പരാമർശം 2 പ്രകാരം ചർച്ച നടത്തുകയുണ്ടായി.

3) മേൽ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ Unified Registry പ്രൊജക്ട് അനുവദിക്കുന്ന മുറയ്ക്ക് ആവശ്യമായ Data integration നൽകണമെന്ന വ്യവസ്ഥയിൽ, ഐ.റ്റി, ഐ.റ്റി, അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നതിനായി കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഐ വെൽഫെയർ സോഫ്റ്റ് വെയറിൽ ആവശ്യമായ നവീകരണങ്ങൾ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിനാവശ്യമായ ചെലവ് കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ.കെ.ചന്ദ്ര

അഡിഷണൽ സെക്രട്ടറി

ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ഇ & ഐ.ടി. വകുപ്പ്

ചെയർമാൻ & മാനേജിങ് ഡയറക്ടർ, കെൽട്രോൺ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.

സംഭരണ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Ajithakumar R
Date: 19-04-2024 16:55:32